# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4602

25/06/2019 ൽ മറുപടിക്ക്

## സർവ്വേ ഭൂരേഖ വകുപ്പിലെ സർവ്വേയർ തസ്തികകൾ

**ചോദ്യം**
**ശ്രീ.കെ.എസ്.ശബരീനാഥൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വേ ഭൂരേഖ വകുപ്പിൽ സർവെയർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; സർവ്വേയർ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ ആകെ 1678 സർവ്വേയർ തസ്തികകൾ നിലവിലുണ്ട്, ടി തസ്തികയിൽ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | സർവ്വേ ഭൂരേഖ വകുപ്പിൽ ആവശ്യത്തിന് സർവേയർമാർ ഇല്ല എന്നുള്ള കാരണത്താൽ സർവ്വേ നടപടികൾ മുടങ്ങുന്ന സാഹചര്യം തുടർച്ചയായി ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഭൂസർവ്വേ വകുപ്പിൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർ അനുമതി നൽകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് വകുപ്പ് തലത്തിലെ പഠനങ്ങൾക്ക് വിധേയമായിട്ടാണോ കുറവ് വരുത്തിയിട്ടുള്ളത്; | (ബി) യും (സി) യും (ഡി) യും | റീസർവ്വെ കൂടാതെ ലാൻഡ് റിക്കോർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.) ലാൻറ് അസൈൻമെന്റ്, ലാന്റ് അക്വിസിഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വെ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വെ തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി സർവ്വേയർമാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നിയമിക്കേണ്ടി വരുന്നുണ്ട്. ഇതുകൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രീസ്, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങളും, റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നുള്ള ജീവനക്കാരെ |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും വ്യക്തിപരമായ വസ്തുവകകളുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനും കോടതി ഉൾപ്പെടെ സർവ്വേ വകുപ്പിനെ ആശ്രയിക്കുന്നതിനാൽ സർവ്വേയർമാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നത് മൂലം ഇക്കാര്യത്തിൽ കൂടുതൽ സങ്കീർണത ഉണ്ടാകുമെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ; | | നിയോഗിച്ചാണ് നിർവ്വഹിച്ചു വരുന്നത്. സ്വാഭാവികമായും ഇത്തരത്തിൽ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും ജീവനക്കാരെ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കപ്പെടുമ്പോൾ ആയത് റീസർവ്വേ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ കാരണമാകാറുണ്ട്.<br>റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികൾക്കായി സർവ്വെ വകുപ്പുകളിൽ നിന്നും ജീവനക്കാരെ ജോലീക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായിട്ടാണ് റവന്യൂ വകുപ്പിൽ നിയമിച്ചുവരുന്നത്. കാലകാലങ്ങളിൽ ധനകാര്യവകുപ്പിന്റെ അനുമതിയോടു കൂടിയാണ് ടി ജീവനക്കാർക്ക് തുടർച്ചാനുമതി നൽകി വന്നിരുന്നത്. ഇത്തരത്തിൽ നിയമിച്ചുവരുന്ന ജീവനക്കാരിൽ, 635 സർവ്വേയർ തസ്തികയുൾപ്പെടെ ആകെ 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് വിലയിരുത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തുടർച്ചാനുമതി ടി തസ്തികകൾക്ക് നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടായത്.<br>ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്. എന്നാൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സമീപകാലത്ത് ഉടലെടുത്തതാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർവ്വേ ഭൂരേഖ വകുപ്പിലെ 942 തസ്തികകളുടെ തുടർച്ചാനുമതിയുടെ നിർദ്ദേശം പരിശോധിച്ചതിനു ശേഷം ഇവയിൽ 635 തസ്തികകൾ അധിക തസ്തികകളായി കണക്കാക്കിയതിനു ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ടോ; | | |

| | | | |
|---|---|---|---|
| (ഇ) | സർവ്വേ ഭൂരേഖ വകുപ്പിൽ നിലവിൽ താത്ക്കാലിക അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ സർവ്വയർമാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള സാഹചര്യം എന്താണ് ? | (ഇ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ ഗ്രേഡ് 2 സർവ്വേയർമാരെ പി.എസ്.സി വഴിയും ഗ്രേഡ് 1 സർവ്വേയർമാരെ സ്ഥാനക്കയറ്റം വഴിയുമാണ് നിയമിക്കുന്നത്. മറ്റ് രീതിയിൽ സർവ്വേയർമാർ ടി വകുപ്പിൽ ജോലിചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ